**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1320** **19-06-2024 - ൽ മറുപടിയ്ക്ക്**

**റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ 2016-17 മുതൽ എത്ര റെയിൽവേ മേൽപ്പാലങ്ങൾക്ക് (ആർ.ഒ.ബി.) അനുമതി ലഭിച്ചിട്ടുണ്ടെന്നും ഓരോന്നിനും എത്ര രൂപ വീതം ഫണ്ട് അനുവദിച്ചുവെന്നും വിശദമാക്കാമോ; | (എ) | മൂന്ന് റെയിൽവേ മേൽപ്പാലങ്ങൾക്ക് (ആർ.ഒ.ബി.) അനുമതി ലഭിച്ചിട്ടുണ്ട്.<br><br>അനുവദിച്ച തുക<br><br>1. ഇടവ റെയിൽവേ മേൽപ്പാലം - 35.69 കോടി രൂപ<br><br>2. പുന്നമൂട് റെയിൽവേ മേൽപ്പാലം - 37.16 കോടി രൂപ<br><br>3. വെങ്കുളം റെയിൽവേ മേൽപ്പാലം - 33.29 കോടി രൂപ |
| (ബി) | പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | **ഇടവ റെയിൽവേ മേൽപ്പാലം**<br><br>തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിൽ ഇടവ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.യെ എസ്.പി.വി. ആയി നിയമിച്ചു. 16.05.2017 തീയതിയിലെ കിഫ്ബി ഉത്തരവ് നം APR-1/76/2017/KIIFB പ്രകാരം 25.23 കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചു. 04.02.2017 തീയതിയിലെ ജി.ഒ.(ആർ.റ്റി)നം. 132/2017/പൊ.മ.വ സർക്കാർ ഉത്തരവ് പ്രകാരം 35.69 കോടിയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br><br>പദ്ധതിയ്ക്കാവശ്യമായ 70.55 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുകയും സ്ഥലമേറ്റെടുക്കൽ നടപടിയുടെ ഭാഗമായ പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുമുണ്ട്.<br><br>ഇടവ റെയിൽവേ മേൽപ്പാല നിർമ്മാണത്തിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി കേസിൽ ഉൾപ്പെട്ടിട്ടില്ലാത്ത 51 പേരുടെ ഭൂമി ഏറ്റെടുത്ത് മുഴുവൻ പേരുടെയും അവാർഡ് പാസാക്കിയിട്ടുണ്ട്. |

പദ്ധതിക്ക് എതിരെ സ്ഥല ഉടമകളായ സുശീലൻ മുതൽപേരായ 12 പേർ ബഹു. കേരള ഹൈക്കോടതിയിൽ WP(C)28008/2020നമ്പരായി കേസ് ഫയൽ ചെയുകയും 12.02.2024 ൽ ബഹു.ഹൈക്കോടതി പ്രസ്തുത കേസിൽ തിരുവനന്തപുരം ജില്ലാ കളക്ടറോട് പരാതിക്കാരെ നേരിട്ട് കേട്ടതിന് ശേഷം തീരുമാനം എടുക്കുന്നതിന് ഉത്തരവ് ആകുകയും ചെയ്തു. അത് പ്രകാരം 13.05.2024 ൽ നിലവിൽ ഉള്ള എൽ.എ. നടപടികളായി മുന്നോട്ട് പോകാൻ ജില്ലാ കളക്ടർ ഉത്തരവായി. എന്നാൽ 13.05.2024 ലെ കളക്ടറുടെ ഉത്തരവിന് എതിരെ ഗീത. എസ്. ആർ മുതൽപേരായ 6 പേർ നൽകിയ WP(C)19439/2024 കേസിലെ 30.05.2024 ലെ ഇടക്കാല ഉത്തരവിൽ ബഹു. ഹൈക്കോടതി 13.05.2024 ലെ കളക്ടറുടെ ഉത്തരവ് ഒരു മാസത്തേക്ക് സ്റ്റേ ചെയതിരിക്കുന്നതിനാൽ കേസിൽ ഉൾപ്പെട്ട കക്ഷികളുടെ ഭൂമി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. ഈ കേസിനെതിരെ ആർ.ബി.ഡി.സി.കെ 04.06.2024 ൽ Statement of facts ഫയൽ ചെയ്യുകയും എത്രയും പെട്ടെന്ന് കേസിൽ അനുകൂല ഉത്തരവ് നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സ്റ്റാൻഡിംഗ് കൗൺസിലിനോട് നിർദ്ദേശിച്ചിട്ടുമുണ്ട്.

**<u>പുന്നമൂട് റെയിൽവേ മേൽപ്പാലം</u>**

തിരുവനന്തപുരം ജില്ലയിലെ പുന്നമൂട് ആർ.ഒ.ബി. നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ എസ്.പി.വി. ആയി നിയമിച്ചു. 13.01.2021 തീയതിയിലെ ജി.ഒ.(ആർ.റ്റി.) നം.46/2021/പൊ.മ.വ. സർക്കാർ ഉത്തരവ് പ്രകാരം 37.16 കോടിയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ കിഫ്ബി അംഗീകരിക്കുകയും, 20.03.2022 തീയതിയിലെ PWD-011-27/PE-6-PAD/2022/KIIFB നം.കിഫ്ബി ഉത്തരവ് പ്രകാരം 36.88 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. പദ്ധതിക്കാവശ്യമായ 47.60 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 4(1) വിജ്ഞാപനം 26.10.2023 ൽ പരസ്യപ്പെടുത്തുകയും, സാമൂഹ്യാഘാത പ്രത്യാഘാത പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**<u>വെങ്കുളം ആർ.ഒ.ബി</u>**

തിരുവനന്തപുരം ജില്ലയിൽ വെങ്കുളം ആർ.ഒ.ബി നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി

| | | | |
|---|---|---|---|
| | | | ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി. ആയി നിയമിക്കുകയും 13.01.2021 തീയതിയിലെ സ.ഉ. (സാധാ)നം.46/2021/ പൊ.മ.വ. ഉത്തരവ് പ്രകാരം 33.29 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി. കിഫ്ബി ഉത്തരവ് നം PWD-011-31/APR-2/2021/KIIFB dtd 07.09.2021 പ്രകാരം 31.97 കോടി രൂപയ്ക്ക് അംഗീകാരം നൽകി. 10.11.2023-ൽ റെയിൽവേയിൽ നിന്ന് ജി.എ.ഡി.യുടെ അംഗീകാരം ലഭിച്ചു. പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ഭരണാനുമതി ഉത്തരവ് നൽകുകയും 6(1) നോട്ടിഫിക്കേഷൻ 18.03.2024-ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ